"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും പുനർവിന്യസിച്ചിരുന്ന സീനിയർ ക്ലർക്ക് ശ്രീമതി ഭാമിനി.ബി പി യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുക്കൊണ്ടും പകരം ക്ലർക്ക് ആയ ശ്രീമതി ബിന്ദു എസിനെ പുനർവിന്യസിച്ചുക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.419/2026/LSGD തീയതി,തിരുവനന്തപുരം, 18-02-2026

---

പരാമർശം:-

1. സ.ഉ (സാധാ) നം.2082/2019 തസ്വഭവ തീയതി 26.09.2029
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 19/02/2025, 25/06/2025 എന്നീ തീയതികളിലെ ADFW/11673/2023-SA4 നമ്പർ കത്തുകൾ
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15. 11. 2025 ലെ LSGD/PD/720/2024-DEH4 -DEH4 നമ്പർ കത്ത്

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും എറണാകുളം ജില്ലാ പഞ്ചായത്തിൽ പുനർവിന്യസിച്ചിരുന്ന സീനിയർ ക്ലർക്ക് ശ്രീമതി ഭാമിനി.ബി പി യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനും പകരം അങ്കമാലി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ക്ലർക്ക്, ശ്രീമതി ബിന്ദു എസ് നെ പുനർവിന്യസിക്കുന്നതിനും ശിപാർശ ചെയ്തുകൊണ്ട് വകുപ്പ് മേധാവി പരാമർശം (2) പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാക്കുകയുണ്ടായി. ശ്രീമതി ഭാമിനി.ബി പി ക്കെതിരെ, നിലവിൽ പുനർവിന്യാസത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന സ്ഥാപനത്തിൽ, വകുപ്പുതല അന്വേഷണങ്ങളോ മറ്റു നടപടിക്രമങ്ങളോ നിലവിലില്ല എന്ന് പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽശ്രീമതി ഭാമിനി.ബി പി - യെ മാതൃവകുപ്പിൽ തിരികെ പ്രവേശിപ്പിച്ചുകൊണ്ടും അങ്കമാലി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ക്ലർക്ക്, ശ്രീമതി ബിന്ദു എസ് സമർപ്പിച്ച ഓപ്ഷൻ പരിഗണിച്ച് ടിയാളെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിലേക്ക് നിലവിലെ വ്യവസ്ഥകൾക്കു

വിധേയമായി പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, വെട്ടിക്കവല ഗ്രാമ പഞ്ചായത്ത്.

ബന്ധപ്പെട്ട വ്യക്തികൾക്ക് (വകുപ്പ് മേധാവി മുഖേന).
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, കേരള (എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 19-02-2026 15:02:40
സെക്ഷൻ ഓഫീസർ